**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇൻഷുറൻസ് വകുപ്പിന്റെ പ്രവർത്തനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>പൊതുജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് ഐ.ആർ.ഡി.എ നിയമം പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് പരിമിതിയുണ്ടെങ്കിലും കുടുംബശ്രീ മുഖേന കുടുംബശ്രീ അംഗങ്ങൾക്കായി വാർഷിക പ്രീമിയം ഈടാക്കി **'ഒരുമ'** എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതിയും, കോവിഡ് ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കായി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന **'കോവി-ലൈഫ്'** എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഭവന പദ്ധതിയായ ലൈഫ് മിഷനിലെ വീടുകൾക്കുള്ള പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി **'ഭവന'** എന്ന പേരിലുള്ള ഇൻഷ്വൻസ് പദ്ധതിയും പൊതുജനങ്ങൾക്കായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ ഇൻഷ്വറൻസ് മേഖലകളിൽ പുതുതായി പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | കുടുംബശ്രീ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി വിവിധ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കുടുബശ്രീ അംഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള **ഒരുമ** ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ കുറഞ്ഞ പ്രീമിയം നിരക്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ